## ലക്ഷ്മണസാന്ത്വനം

### വിപരീതപദം

സാധ്യം X അസാധ്യം/ സത്യം X മിഥ്യ (അസത്യം)/ നഷ്ടം X ലാഭം/ വിയോഗം X സംയോഗം/ ജ്ഞാനം X അജ്ഞാനം/ തവ X മമ / ആദ്യം X അവസാനം/ കാമം X നിഷ്കാമം/ ദൃശ്യം X അദൃശ്യം/ ചഞ്ചലം X അചഞ്ചലം/ അസ്ഥിരം X സ്ഥിരം/ അല്പം X അനല്പം/ തുല്യം X അതുല്യം/ അഭിമാനം X അപമാനം/ വിദ്യ X അവിദ്യ / കാരിണി X നാശിനി / ശത്രു X മിത്രം/ വിഘ്നം X നിർവിഘ്നം/ ക്ഷയം X അക്ഷയം/ ധർമ്മം X അധർമ്മം/ യുക്തം X അയുക്തം

### എതിർലിംഗം

കുമാരൻ- കുമാരി/ പുത്രൻ- പുത്രി/ കളത്രം- കാന്തൻ/ ഹന്താവ് -ഹന്ത്രി/ സഖി -സഖാവ്/ മാതാവ് -പിതാവ്/

### നാനാർത്ഥം

കാഷ്ഠം: തടി, മലം, വടി/ ക്ഷയം: നാശം, ഒരു രോഗം, പ്രളയം, കുറവ്/ ക്ഷണം: നിമിഷം, വിളിക്കൽ/ പൂരം: കൂട്ടം, നിറവ്, നക്ഷത്രം/ അഗ്നി: തീ, അഗ്നിദേവൻ/ അർത്ഥം: സാരം, ധനം / മോഹം: ആഗ്രഹം, അജ്ഞാനം, ബോധക്കേട്/ സ്വപ്നം: കിനാവ്, ഉറക്കം, ആലസ്യം/ സംസാരം: സംഭാഷണം, ലൗകികജീവിതം

### അർത്ഥവ്യത്യാസം

1.അർത്ഥം= ധനം, സാരം അർദ്ധം= പകുതി/ 2. ക്ഷണം= ക്ഷണിക്കൽ ക്ഷണനം= വധം/ 3. പരിണാമം= മാറ്റം പരിമാണം= അളവ്/ 4. അഹം= ഞാൻ അകം= ഉൾഭാഗം അഹി= പാമ്പ്/ 5. ലോഭം= അത്യാഗ്രഹം ലാഭം= നേട്ടം ലോപം= നഷ്ടം ഭോഗം= സുഖം/ 6. സന്തപ്തം= ചുട്ടുപഴുത്ത സന്താപം= ദു:ഖം/ 7. ചേതസ്സ്= മനസ്സ് തേജസ്സ്= ചൈതന്യം/ 8. പാന്ഥർ= വഴിയാത്രക്കാർ താന്തർ= ക്ഷീണിതർ/9. ദർദ്ദുരം= തവള ഗർദ്ദഭം= കഴുത/ 9. രാഗം = സ്നേഹം രോഗം= അസുഖം

### പര്യായപദങ്ങൾ

വാക്ക്: വചനം, വാണി, ഉക്തി/ ദേഹം: ശരീരം, തനു, കായം, മേനി/ വിശ്വം: ലോകം, ഭുവനം, ജഗത്, ജഗതി/ ധനം: വിത്തം, അർത്ഥം, സ്വത്ത്/ വഹ്നി: അഗ്നി, അനലൻ, പാവകൻ/ ജലം: അംബു, വാരി, സലിലം/പാമ്പ്: അഹി, സർപ്പം, ചക്ഷു:ശ്രവണൻ / കഴുത്ത്: ഗളം, കണ്ഠം, ഗ്രിവം/ ദർദ്ദുരം: തവള, മണ്ഡൂകം, പ്ലവകം/ പുത്രൻ: മകൻ, സുതൻ, തനയൻ/ കളത്രം: ഭാര്യ, പത്നി, കാന്ത/ പാന്ഥർ: വഴിയാത്രക്കാർ, അദ്ധ്വഗർ, പഥികർ/ വീട്: ആലയം, ഗൃഹം, സദനം, ഭവനം./രക്തം: രുധിരം, ശോണിതം, ചോര/ ബുദ്ധി: മനീഷ, ധീ, പ്രജ്ഞ/ ശത്രു: അരി, രിപു, വൈരി/ വിഘ്നം: തടസ്സം, പ്രതിബന്ധം/ മാതാവ് : അമ്മ, ജനനി, തായ/ പിതാവ്: താതൻ, ജനകൻ, അച്ഛൻ/ ഭ്രാതാവ്: സഹോദരൻ, സഹജൻ, സോദരൻ/ സഖി: തോഴി, ആളി, സ്നേഹിത, വയസ്യ.

### സന്ധി

വെടിഞ്ഞെന്നുടെ = വെടിഞ്ഞ് + എന്നുടെ =ലോപസന്ധി/ തത്ത്വമറിഞ്ഞു = തത്ത്വം + അറിഞ്ഞു = ആദേശസന്ധി/ നിന്നുള്ളിലെപ്പോഴും = നിന്നുള്ളിൽ + എപ്പോഴും =ആദേശസന്ധി/ നിന്നോളമില്ല = നിന്നോളം + ഇല്ല = ആദേശസന്ധി/ നിർണ്ണയമെങ്കിലും = നിർണ്ണയം + എങ്കിലും = ആദേശസന്ധി/ ഭോഗങ്ങളെല്ലാം = ഭോഗങ്ങൾ + എല്ലാം = ആദേശസന്ധി/ കാലാഹി = കാല + അഹി = സവർണ്ണദീർഘസന്ധി/ എന്നെക്കുറിച്ചുള്ള = എന്നെ + കുറിച്ചുള്ള = ദ്വിത്വസന്ധി/ ജന്തുക്കൾ = ജന്തു + കൾ = ദ്വിത്വസന്ധി/ നന്നല്ല = നന്ന് + അല്ല = ലോപസന്ധി/ ക്രോധമറികെടോ = ക്രോധം + അറികെടോ = ആദേശസന്ധി / വെണ്ണീർ = വെൺ + നീർ = ആദേശസന്ധി

### സമാസം

ക്ഷണപ്രഭാചഞ്ചലം = ക്ഷണപ്രഭ പോലെ ചഞ്ചലം = ഉപമാതൽപുരുഷൻ

വഹ്നിസന്തപ്തം = വഹ്നിയാൽ സന്തപ്തം = പ്രയോജികാതൽപുരുഷൻ

മർത്ത്യജന്മം = മർത്ത്യൻ്റെ ജന്മം = സംബന്ധികാതൽപുരുഷൻ

സ്വപ്നസമാനം = സ്വപ്നത്തിന് സമാനം = ഉദ്ദേശികാതൽപുരുഷൻ

രാജ്യദേഹങ്ങൾ = രാജ്യം, ദേഹം ആദിയായവ = ദ്വന്ദ്വസമാസം

ചക്ഷു:ശ്രവണൻ = ചക്ഷുസ്സു തന്നെ ശ്രവണേന്ദ്രിയമായിട്ടുള്ളവൻ = പാമ്പ് = ബഹുവ്രീഹി

കാലാഹി = കാലമാകുന്ന അഹി = രൂപകതൽപുരുഷൻ

ഉത്തരമെഴുതുക

1. *"ജന്തുക്കൾ ഭക്ഷിച്ചു...............................................നന്നല്ല ദേഹം നിമിത്തം മഹാമോഹം"*
*ദേഹത്തെക്കുറിച്ചുള്ള മോഹം നന്നല്ല എന്നു പറയാൻ കാരണമെന്ത്?*

ശരീരത്തെക്കുറിച്ചുള്ള മോഹമാണ് മനുഷ്യനെ അഹങ്കാരത്തിലേക്ക് നയിക്കുന്നത്. ദേഹാഭിമാനത്താൽ ഉത്തേജിതരായി ചിലർ 'ഞാൻ ബ്രാഹ്മണനാണ്, ഞാൻ രാജാവാണ്, ഞാൻ ആഢ്യനാണ്' എന്നിങ്ങനെ അഹങ്കരിക്കുന്നു. എന്നാൽ ശരീരത്തിനും നാശമുണ്ടെന്ന സത്യം നാം മനസ്സിലാക്കണം. നമ്മുടെ ശരീരം ജന്തുക്കൾക്ക് ഭക്ഷണമായും അഗ്നിയിൽ വെന്ത് വെണ്ണീറായും മണ്ണിനടിയിൽ കൃമികീടങ്ങളായും തീർന്ന് നശിക്കുന്നതാണ്. അതുകൊണ്ട് ശരീരത്തെക്കുറിച്ചുള്ള ആഗ്രഹങ്ങൾ നല്ലതല്ല. അജ്ഞതയിൽ നിന്നുണ്ടാകുന്നതാണ് ശരീരചിന്ത എന്ന് ഓർമ്മിപ്പിക്കുകയാണ് എഴുത്തച്ഛൻ.

2. *ക്രോധം ഉപേക്ഷിക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നത് എന്തുകൊണ്ട്?/*
*ക്രോധത്തിൻെറ അനന്തരഫലങ്ങൾ എന്തെല്ലാമാണെന്നാണ് എഴുത്തച്ഛൻ സൂചിപ്പിക്കുന്നത്?*

കാമം, ക്രോധം തുടങ്ങിയ വികാരങ്ങളിൽ ക്രോധം മോക്ഷത്തിന് തടസ്സം സൃഷ്ടിക്കുകയും ജീവിതദു:ഖങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു. മനുഷ്യർ ക്രോധം മൂലം മാതാപിതാക്കളെയും സഹോദരങ്ങളെയും സ്നേഹിതന്മാരെയും ഭാര്യയെയും കൊല്ലുന്നു. ക്രോധം മനോദു:ഖമുണ്ടാക്കുകയും നന്മയെ ഇല്ലാതാക്കുകയും ചെയ്യും. അതിനാൽ അറിവുള്ളവർ ക്രോധം ഉപേക്ഷിച്ച് ശാന്തരായി ജീവിക്കണമെന്നാണ് രാമൻ ലക്ഷ്മണനോട് പറയുന്നത്. ലക്ഷ്മണനോടുള്ള ശ്രീരാമൻെറ ഈ ഉപദേശം സമകാലികജീവിതത്തിൽ ഏറെ പ്രസക്തമാണ്.

3. *''ചക്ഷു:ശ്രവണ……………………………ഭോഗങ്ങൾ തേടുന്നു.'' 'കാലാഹി' എന്ന പ്രയോഗത്തിൻെറ ഔചിത്യഭംഗി വ്യക്തമാക്കി വിശകലനക്കുറിപ്പ് തയ്യാറാക്കുക.*

എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്ന് എടുത്തിട്ടുള്ള വരികളാണിവ. പാമ്പിൻെറ വായിലകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നത് പോലെയാണ് കാലമാകുന്ന പാമ്പിൻെറ വായിലകപ്പെട്ട മനുഷ്യർ ആഗ്രഹങ്ങൾക്ക് പിന്നാലെ പായുന്നത് എന്ന് കവി വ്യക്തമാക്കുന്നു. പാമ്പ് തവളയെ വിഴുങ്ങുന്നതു പോലെ കാലം എല്ലാവരെയും സാവധാനം വിഴുങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യജീവിതത്തിൻെറയും ലൗകികസുഖഭോഗങ്ങളുടെയും അസ്ഥിരതയും അർത്ഥശൂന്യതയുമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്.
(ലോകത്തെ വിഴുങ്ങുന്ന പാമ്പായി കാലത്തെ വർണ്ണിച്ചിരിക്കുന്നത് ഔചിത്യപൂർണ്ണമാണ്. അത്യാഗ്രഹമനോഭാവം പുലർത്തുന്ന ആധുനിക മനുഷ്യരോടുള്ള കവിയുടെ ഉപദേശം കൂടിയാണ് ഈ വരികൾ.)

4. *''പാന്ഥർ പെരുവഴിയമ്പലം……………………………സംഗമം'' സന്ദർഭമെഴുതി ആശയം വ്യക്തമാക്കുക.*

കുടുംബജീവിതം ക്ഷണികവും മനുഷ്യബന്ധങ്ങൾ നശ്വരവുമാണെന്ന യാഥാർത്ഥ്യം ശ്രീരാമൻ ലക്ഷ്മണനെ ഓർമ്മിപ്പിക്കുന്ന സന്ദർഭമാണിത്. യാത്രക്കാർ വഴിയമ്പലത്തിൽ ഒത്തുചേർന്ന് ക്ഷീണമകറ്റി വേർപിരിയുന്നതു പോലെയും നദിയുടെ ഗതിക്കനുസരിച്ച് ഒഴുകുന്ന തടിക്കഷണം പോലെയുമാണ് മനുഷ്യജീവിതം. വഴിയമ്പലത്തിലെ യാത്രക്കാരുടെ വിശ്രമം താൽക്കാലികം മാത്രമാണ്. അതുപോലെ നദിയിലൂടെ ഒഴുകുന്ന തടിക്കഷണത്തിന് നദിയുടെ ഗതിക്കനുസരിച്ച് ഒഴുകാൻ മാത്രമേ കഴിയൂ. ഈ രണ്ട് ഉപമാനങ്ങൾക്കു തുല്യമാണ് ലോകജീവിതം. കുടുംബത്തോടും ബന്ധുമിത്രാദികളോടും ഒപ്പമുള്ള മനുഷ്യരുടെ ജീവിതം ക്ഷണികവും കാലപ്രവാഹത്താൽ നിയന്ത്രിതവുമാണെന്ന യാഥാർത്ഥ്യമാണ് കവി ഇവിടെ വ്യക്തമാക്കുന്നത്.

***